**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനാവകാശനിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് വനഭൂമി ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിയ്ക്കുള്ള കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | വനാവകാശ നിയമപ്രകാരം 13.12.2005 വരെ തലമുറകളായി വനത്തിനകത്ത് ജീവിച്ചുപോരുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്കാണ് കൈവശാവകാശ രേഖയ്ക്ക് അർഹതയുള്ളത്. ഇതിനുള്ള തെളിവുകൾ സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമസഭ, SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെ കൈവശരേഖ നൽകുന്നു. |
| (സി) | വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കാൻ അർഹതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എന്നത്തേക്ക് വനഭൂമി നൽകാനാകും; ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | വനാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഗ്രാമസഭ പരിശോധിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ച് SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ് കൈവശാവകാശരേഖ നൽകുന്നത്. നാളിതുവരെയായി 26,600 പേർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. DLC പാസ്സാക്കിയതിൽ കൈവശരേഖ നൽകാനുള്ള 1,098 അപേക്ഷകളിൽ കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമസഭയിൽ 271 അപേക്ഷകളും SDLC-യിൽ 3,634 അപേക്ഷകളും DLC-യിൽ 348 അപേക്ഷകളും പരിഗണനയിലാണ്. പുതിയതായി ലഭിച്ച അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വെ നടപടികളും സമയ ബന്ധിതമായി പൂർത്തീകരിച്ച് വനാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | വിതരണം ചെയ്ത കൈവശരേഖയുടെ എണ്ണം | വിസ്തൃതി |
|---|---|---|
| തിരുവനന്തപുരം | 4654 | 6527.39 |
| കൊല്ലം | 1158 | 983.76 |
| പത്തനംതിട്ട | 943 | 609.00 |
| കോട്ടയം | 1401 | 1560.58 |
| ഇടുക്കി | 8414 | 14584.50 |
| എറണാകുളം | 1144 | 2239.28 |
| തൃശ്ശൂർ | 823 | 899.89 |
| പാലക്കാട് | 1575 | 2285.68 |
| മലപ്പുറം | 945 | 710.36 |
| കോഴിക്കോട് | 11 | 6.87 |
| വയനാട് | 4501 | 3351.98 |
| കണ്ണൂർ | 1031 | 1590.00 |
| **ആകെ** | **26600** | **35349.29** |

**സെക്ഷൻ ഓഫീസർ**